## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 655 — 01/12/2015-ൽ മറുപടിക്ക്

## ആദിവാസി അമ്മമാരുടെയും ശിശുക്കളുടെയും മരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.കെ.ബാലൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | പരിചരണവും ചികിത്സയും ലഭിക്കാതെ പ്രസവത്തെ തുടർന്ന് ആദിവാസി അമ്മമാരും, ശിശുക്കളും മരണമടയുന്ന സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ ഏതെല്ലാം ആദിവാസി കോളനികളിൽ നിന്നാണ് [redacted] സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) | പരിചരണവും ചികിൽസയും ലഭിക്കാതെ പ്രസവത്തെത്തുടർന്ന് ആദിവാസി അമ്മമാരും ശിശുക്കളും മരണമടയുന്ന സംഭവങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മാസം തികയാതെയുള്ള പ്രസവം (പ്രിമെച്വർ ഡെലിവറി) മുഖാന്തിരം നവജാത ശിശുക്കൾ മരണമടഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനും [redacted] ശിശുക്കളെ പ്രസവിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണവും ചികിത്സയും ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പും, സാമൂഹ്യ നീതി വകുപ്പും, കുടുംബശ്രീ, അംഗൻവാടി, ആശാവർക്കർമാർ എന്നിവരുടെ സഹായത്തോടെ വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (ബി) | പ്രസ്തുത കോളനികളിൽ ജനനി ജന്മരക്ഷാ പദ്ധതി പ്രകാരം നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയായിരുന്നെന്നും എത്ര തുകയാണ് നൽകിയതെന്നും വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്തെ എ.പി.എൽ/ബി.പി.എൽ. ഭേദമന്യേ പട്ടികവർഗ്ഗ വിഭാഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം വാങ്ങി കഴിക്കുന്നതിന് പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി (18 മാസം) തുക അനുവദിച്ചു നൽകിവരുന്നു. സംസ്ഥാന സർക്കാർ 2013 - 14 സാമ്പത്തിക വർഷം 115 ലക്ഷം രൂപയും തുടർന്ന് റീ അപ്രോപ്രിയേഷൻ വഴി 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തികവർഷം ബഡ്ജറ്റ് 100 ലക്ഷം രൂപയും തുടർന്ന് 50 ലക്ഷം രൂപ അധിക ധനസഹായവും അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം 655 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കോളനികളിൽ പ്രാക്തന ഗോത്ര വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേന്ദ്രഫണ്ട് ആരോഗ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; എത്ര തുകയാണ് ഓരോ കോളനിയിലും ചെലവഴിച്ചത് ? | (സി) | പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള കേന്ദ്രഫണ്ട് ആരോഗ്യ പ്രവർത്തനങ്ങൾക്കായി 2011-12 വർഷം മുതൽ 2014-15 വരെ ആകെ 4,09,54,199/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>1. 7 ട്രൈബൽ യൂണിറ്റുകൾ 8101 കുടുംബങ്ങൾക്ക് വേണ്ടി 46,35,042/- രൂപ ചെലവഴിച്ചു.<br>2. 205 ഹെൽത്ത് വോളന്റിയേഴ്സിനായി 2,60,38,004/- രൂപ ഹോണറേറിയം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.<br>3. 205 ഹെൽത്ത് വോളന്റിയേഴ്സിന്റെ പരിശീലനത്തിനായി 8,33,516/- രൂപ ചെലവഴിച്ചു.<br>4. 205 ഹെൽത്ത് വോളന്റിയേഴ്സിന് Drug Kit വിതരണത്തിനായി 5,21,748/- രൂപ ചെലവഴിച്ചു.<br>5. 8101 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ച 2134 മെഡിക്കൽ ക്യാമ്പുകൾ നടത്തിയ ഇനത്തിൽ ആകെ 89,25,889/- രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ